"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതിക വിദ്യാഭ്യാസം - പോളിടെക്നിക് കോളേജുകളിലെ വിവിധ ഡിപ്ലോമ പ്രോഗ്രാമുകളുടെ "കരിക്കുലം റിവിഷൻ 2026" (പരിഷ്കരിച്ച പാഠ്യപദ്ധതി, റൂൾസ് ആൻഡ് റെഗുലേഷൻസ്, ആക്ടിവിറ്റി പോയിന്റ്സ്) - അംഗീകാരം നൽകി ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.797/2026/HEDN തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:-

1. 14.05.2025 തീയതിയിലെ L2/72/2025/HEDN നമ്പർ സർക്കാർ കത്ത്.
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 16-05-2026 തീയതിയിലെ DTETVM/3904/2026-C2 (ACA) നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ പോളിടെക്നിക് ഡിപ്ലോമ വിദ്യാഭ്യാസ പാഠ്യപദ്ധതി National Credit Framework (NCrF)-മായി യോജിച്ചു പോകുന്ന രീതിയിൽ സമയബന്ധിതമായി പരിഷ്കരിക്കുന്നതിന് പരാമർശം (1) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. മേൽ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ " കരിക്കുലം റിവിഷൻ 2026" (പരിഷ്കരിച്ച പാഠ്യപദ്ധതി, റൂൾസ് ആൻഡ് റെഗുലേഷൻസ്, ആക്ടിവിറ്റി പോയിന്റ്സ്) അംഗീകരിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പോളിടെക്നിക് ഡിപ്ലോമ കരിക്കുലം റിവിഷൻ—2026, അതോടൊപ്പമുള്ള ഡിപ്ലോമ കരിക്കുലം റൂൾസ് ആൻഡ് റെഗുലേഷൻസ്, വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്കായുള്ള ആക്ടിവിറ്റി പോയിന്റ്സ് എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു കൊണ്ട്, 2026-27 അധ്യയന വർഷം മുതൽ പരിഷ്കരിച്ച കരിക്കുലം നടപ്പാക്കുന്നതിന് അംഗീകാരം നൽകിയും, കരിക്കുലം ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് എം
ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സിനിയർ ജോയിന്റ് ഡയറക്ടർ (പോളിടെക്നിക് സ്ട്രീം)& കൺട്രോളർ ഓഫ് ടെക്നിക്കൽ എക്സാമിനേഷൻ, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, സംസ്ഥാന സാങ്കേതിക അധ്യാപക പരിശീലന ഗവേഷണ കേന്ദ്രം (SITTTR), കളമശ്ശേരി.
ബന്ധപ്പെട്ട പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽമാർക്ക് (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുഖേന).
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Geetha Lekshmi. G
Date: 07-07-2026 23:15:12
സെക്ഷൻ ഓഫീസർ